<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4221</u> <u>28-10-2021 - ൽ മറുപടിയ്ക്ക്</u>

<u>വ്യാവസായിക വാണിജ്യ വകുപ്പിലെ മെഷ്യൻ ഓപ്പറേറ്റർ ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിയിലും പ്രവർത്തിക്കുന്ന വ്യാവസായിക വാണിജ്യ വകുപ്പിന്റെ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിൽ മെഷ്യൻ ഓപ്പറേറ്റർ ഗ്രേഡ്-II തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഒഴിവുകൾ നിലവിൽ വന്ന തീയതികളും നിയമന രീതികളും വ്യക്തമാക്കാമോ; | (എ) | 4ഒഴിവുകളുണ്ട്. 02.11.2010, 07.06.2014, 17.04.2017, 23.03.2018 എന്നീ തീയതികളിലാണ് ഒഴിവുകൾ നിലവിൽ വന്നത്. വ്യവസായ വാണിജ്യ വകുപ്പിലെ നിയമനങ്ങൾ നടത്തുന്നത് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരമാണ്. വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂളിൽ ഈ തസ്തികയിലെ നിയമന രീതിയും യോഗ്യതയും പ്രതിപാദിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത തസ്തികയിൽ ബൈ ട്രാൻസ്ഫർ മുഖേനയാണ് നിയമനം നടക്കുന്നതെങ്കിൽ ഇപ്രകാരം നിയമനം ലഭിക്കാൻ ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകളുള്ള വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രകാരം നിയമനം നൽകിയിട്ടുണ്ടോ; നിയമനം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത തസ്തികയിൽ ബൈ ട്രാൻസ്ഫർ മുഖേന നിയമനം ലഭിക്കുന്നതിന് ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപ്പെട്ട ഒരു ജീവനക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂളിലോ എക്സിക്യൂട്ടീവ് ഓർഡറിലോ മെഷ്യൻ ഓപ്പറേറ്റർ ഗ്രേഡ്-II തസ്തികയിലെ നിയമന രീതിയും യോഗ്യതയും പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ഈ അപേക്ഷ നിരസിക്കുകയുണ്ടായി. |
| (സി) | പ്രസ്തുത തസ്തികയുടെ സമാന തസ്തികകളായ ഇലക്ട്രീഷ്യൻ, ഡൈമേക്കർ തസ്തികകളിൽ ബൈട്രാ ൻസ്ഫർ വഴി നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് തസ്തികയിൽ നിന്നുമാണ് നിയമനം നടത്തിയതെന്നും നിയമനം നടത്തിയ രീതി എന്താണെന്നും നിയമനം ലഭിച്ച ജീവനക്കാരിൽ ആരെങ്കിലും ഇലക്ട്രീഷ്യൻ, ഡൈമേക്കർ എന്നീ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടോയെന്നും ജോലി ചെയ്യുന്നുണ്ടെങ്കിൽ ഏത് ഫീഡർ കാറ്റഗറിയിൽ നിന്നാണ് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നേടിയതെന്നും വ്യക്തമാക്കാമോ; | (സി) | ഇലക്ട്രീഷ്യൻ, ഡൈമേക്കർ തസ്തികകൾ മെഷ്യൻ ഓപ്പറേറ്റർ ഗ്രേഡ്-II തസ്തികയുടെ സമാന തസ്തികകൾ അല്ല. ഇലക്ട്രീഷ്യൻ തസ്തികയിൽ ശ്രീ. ഷാജി.റ്റി, ഓഫീസ് അറ്റൻഡന്റിന് തസ്തികമാറ്റം വഴി താൽക്കാലിക നിയമനം നൽകിയിരുന്നു എന്നാൽ പ്രസ്തുത തസ്തികയുടെ നിയമന രീതി സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ വ്യവസായ വാണിജ്യ ഡയറക്ടർ ടിയാനെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് റിവേർട്ട് ചെയ്യുകയുണ്ടായി. ആയതിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും വ്യവസായ വാണിജ്യ ഡയറക്ടറുടെ ഉത്തരവിന് സ്റ്റേ സമ്പാദിക്കുകയും ചെയ്തു. പ്രസ്തുത കേസിന്റെ അന്തിമ വിധി ആയിട്ടില്ല. മെഷ്യൻ ഓപ്പറേറ്റർ തസ്തികയിൽ |

| | | | |
|---|---|---|---|
| | | | ജോലി ചെയ്തിരുന്ന അരവിന്ദാക്ഷൻ. കെ യ്ക്ക് തസ്തികമാറ്റം വഴി ഡൈമേക്കർ തസ്തികയിലേക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ഡി) | മെഷ്യൻ ഓപ്പറേറ്റർ ഗ്രേഡ് II തസ്തിക വർഷങ്ങളായി ഒഴിഞ്ഞ് കിടക്കുന്നത് കാരണം മഞ്ചേരി, ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളിൽ വില കൂടിയ മെഷ്യനറികൾ പ്രവർത്തിപ്പി ക്കാതെ ഉപയോഗശൂന്യമായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | സാങ്കേതിക യോഗ്യതയുള്ള ജീവനക്കാരുടെ അഭാവം മൂലം പ്രതിസന്ധികൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണുന്നതിനായി വകുപ്പിലെ യോഗ്യരായ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ജീവനക്കാരെ കൂടി ഉൾപ്പെടുത്തി മെഷ്യൻ ഓപ്പറേറ്റർ ഗ്രേഡ് II തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ മുഖേന നിയമനം നടത്തുന്നതിന് അടിന്തരമായി ഉത്തരവ് ഇറക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഇ) | വ്യവസായ വാണിജ്യ വകുപ്പിന്റെ സ്പെഷ്യൽ റൂൾ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (എഫ്) | യോഗ്യരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ഉൾപ്പെടുത്തി മെഷ്യൻ ഓപ്പറേറ്റർ തസ്തികകളിൽ നിയമനം നടത്തുന്നതിന് ഏതെങ്കിലും സാങ്കേതിക തടസങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഇത് മറികടക്കുന്നതിന് ഭരണപരമായ തീരുമാനങ്ങൾ സ്വീകരിക്കാമോ? | (എഫ്) | വ്യവസായ വാണിജ്യ വകുപ്പിന്റെ സ്പെഷ്യൽ റൂൾ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ